**മഹാത്മാ ഗാന്ധി സർവ്വകലാശാല**

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


**വാർത്താക്കുറിപ്പ്**

**2023 ഏപ്രിൽ 1**

---

## നാലാം തീയതിയിലെ പരീക്ഷകൾക്ക് മാറ്റമില്ല

എം.ജി. സർവകലാശാല ഏപ്രിൽ നാലിന് നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷകൾ മാറ്റിവച്ചിട്ടില്ലെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു. ഈ ദിവസത്തെ പരീക്ഷകൾ മാറ്റിവച്ചതായി സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വിവരം വാസ്തവ വിരുദ്ധമാണെന്ന് അദ്ദേഹം വ്യക്തമാക്കി.

(പി.ആർ.ഒ/39/375 /2023)

## ഹെൻട്രി വഹാബി എം.ജി. സർവകലാശാലയിൽ വിസിറ്റിംഗ് പ്രഫസർ

ഫ്രാൻസിലെ ലൊറെയ്ൻ സർവകലാശാലാ അധ്യാപകനായ ഹെൻട്രി വഹാബിയെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ വിസിറ്റിംഗ് പ്രഫസറായി നിയോഗിച്ചു.

തീപിടുത്തത്തെ പ്രതിരോധിക്കാൻ കഴിയുന്ന പോളിമെർ സംയുക്തങ്ങളെക്കുറിച്ച് രണ്ടു സർവകലാശാലകളും ചേർന്നു നടത്തുന്ന ഗവേഷണ പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ ദിവസം സർവകലാശാലയിലെത്തിയ അദ്ദേഹം പ്രഭാഷണ പരിപാടികളിൽ പങ്കെടുത്തു.

പോളിമെറിക് വസ്തുക്കളുടെയും നാനോസംയുക്തങ്ങളുടെയും അഗ്നിപ്രതിരോധ ശേഷിയെക്കുറിച്ചാണ് വഹാബി പ്രധാനമായും ഗവേഷണങ്ങൾ നടത്തുന്നത്. എം.ജി, ലൊറെയ്ൻ സർവകലാശാലകൾ

തമ്മിൽ വിവിധ മേഖലകളിൽ നിലവിലുള്ള സഹകരണം കൂടുതൽ ഊർജ്ജിതമാക്കുമെന്ന് വൈസ് ചാൻസലർ പ്രഫ. സാബു തോമസ് പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്**

പ്രഫസർ ഹെൻട്രി വഹാബി പ്രഫ. സാബു തോമസിനൊപ്പം.

(പി.ആർ.ഒ/39/376 /2023)

## പരീക്ഷാ കേന്ദ്രം

ഏപ്രിൽ നാലിന് ആരംഭിക്കുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ ആറാം സെമസ്റ്റർ (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2019,2018,2017 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) ബിരുദ പരീക്ഷകളുടെ പരീക്ഷാ കേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി പരീക്ഷാ കേന്ദ്രമായി അനുവദിച്ചിരിക്കുന്ന കോളജുകളിൽ പരീക്ഷയ്ക്ക് ഹജരാകണം.

(പി.ആർ.ഒ/39/377 /2023)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി ഇൻഡസ്ട്രിയൽ കെമിസ്ട്രി(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററി - ജൂലൈ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 12 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

..........................

പ്രൈവറ്റ് രജിസ്ട്രേഷൻ എം.എസ്.സി മാത്തമാറ്റിക്സ് ഒന്ന്, രണ്ട് സെമസ്റ്ററുകൾ (2015 2018 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2021, 2014 അഡ്മിഷൻ മെഴ്സി ചാൻസ്, 2004-2011 അഡ്മിഷൻ നോൺ-സി.എസ്.എസ് റഗുലർ കാൻഡിഡേറ്റ്സ്, കോളജ് സ്റ്റഡി - അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് 2018 - മാർച്ച് 2021) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2015 മുതൽ

2018 വരെയുള്ള ഒന്ന്,രണ്ട് സെമസ്റ്ററുകൾ പ്രൈവറ്റ് രജിസ്ട്രേഷൻ വിദ്യാർഥികൾക്ക് ഓൺലൈനായും 2004 മുതൽ 2011 വരെയുള്ള റഗുലർ (കോളജ് സ്റ്റഡി) വിദ്യാർഥികൾക്ക് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിലും ഏപ്രിൽ 17 വരെ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/378/2023)

**<u>പ്രോജക്ട്, വൈവ</u>**

നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (സി.എസ്.എസ്, 2018,2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2015,2014,2013,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ് - നവംബർ 2022) പരീക്ഷയുടെ പ്രോജക്ട് ആൻറ് കോംപ്രിഹെൻസീവ് വൈവ മൂവാറ്റുപുഴ ഇലാഹിയ കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്, ആലുവ സെൻറ് സേവ്യേഴ്സ് കോളജ് ഫോർ വിമൻ എന്നിവിടങ്ങളിൽ ഏപ്രിൽ നാലിന് നടത്തും.

(പി.ആർ.ഒ/39/379/2023)

**<u>പ്രാക്ടിക്കൽ</u>**

മൂന്നാം സെമസ്റ്റർ എം.എസ്.സി ഫുഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (സി.എസ്.എസ്, 2021 അഡ്മിഷൻ റഗുലർ, 2020,2019 അഡ്മിഷനുകൾ സ്പ്ലിമെൻററി - മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 10,11 തീയതികളിൽ അമലഗിരി ബി.കെ കോളജിൽ നടത്തും.

..............................

(പി.ആർ.ഒ/39/380 /2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**